# പഞ്ചായത്ത് യു.പി.സ്കൂൾ

## കൊന്നത്തടി



# അക്കാദമിക് മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner



# പഞ്ചായത്ത് യു.പി.സ്കൂൾ,കൊന്നത്തടി

## സ്കൂൾ ചരിത്രം

സംസ്കാര സമ്പന്നമായ നാട്ടിൻപുറത്തു നിന്നും ജീവിത സാധാരണത്തിനായി കുടിയേറിയ ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന കുടിയേറ്റപ്രദേശമായിരുന്നു കൊന്നത്തടി. പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ ലഭ്യതക്കുറവും മക്കളുടെ ഭാവിയെപ്പറ്റിയുള്ള ആശങ്കകളും ജനങ്ങളെ നിരാശാകുലരാക്കിയ ഒരു കാലഘട്ടത്തിൽ 1958 - ൽ ബഹു : ഗവൺമെന്റ് ഒരു എൽ.പി.സ്കൂൾ കൊന്നത്തടി സെൻട്രലിൽ അനുവദിച്ചു. കുട്ടികളുടെ ഉപരിപഠനം ഒരു പ്രശ്നമായിത്തീർന്നപ്പോൾ കൊന്നത്തടി പഞ്ചായത്ത് കമ്മിറ്റി ഒരു യു.പി.സ്കൂൾ ആരംഭിക്കാൻ തീരുമാനമെടുത്തു. അന്നത്തെ പ്രമുഖ കുടിയേറ്റക്കാരനും അറക്കുളം ഇലപ്പള്ളി സ്വദേശിയുമായ കൊന്നയ്ക്കൽ പരേതനായ ശ്രീ.കെ.സി.ചാക്കോ സ്കൂൾ നിർമ്മിക്കാനായി 2 ഏക്കർ സ്ഥലം ദാനം ചെയ്യുകയും ആ സ്ഥലത്ത് **പഞ്ചായത്ത് യു.പി.സ്കൂൾ കൊന്നത്തടി** എന്ന നാമധേയത്തിൽ 1964 - ൽ ഈ സ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

സ്കൂളാരംഭത്തിൽ കോട്ടയം റവന്യൂജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ കാഞ്ഞിരപ്പിള്ളിവിദ്യാഭ്യാസ ജില്ലയിൽ ഉടുമ്പൻചോല ഉപജില്ലയിൽ സ്ഥിതി ചെയ്തിരുന്ന വിദ്യാലയമായിരുന്നു ഇത്. ഇപ്പോൾഇടുക്കി റവന്യൂ ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ കൊന്നത്തടി വില്ലേജിൽ കൊന്നത്തടി പഞ്ചായത്തിൽ 2-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. തൊടുപുഴ വിദ്യാഭ്യാസ ജില്ലയുടേയും അടിമാലി ഉപജില്ലയുടേയും അടിമാലി ബി.ആർ.സി.യുടേയും പരിധിയിൽ വരുന്നു.

കേരളത്തിന്റെ ഔദ്യോഗിക പുഷ്പമായ കണിക്കൊന്ന സമൃദ്ധിയായി വളർന്നിരുന്നതും അതിൽ ഭീമാകാരമായ ഒരു കൊന്നത്തടിയുടെ മൂട്ടിൽ ആദിവാസികളായ മുതുവാൻമാരും മന്നാൻമാരും ആരാധന നടത്തിയിരുന്നതിനാലും ഈ പ്രദേശത്തിന് കൊന്നത്തടി എന്ന പേര് വന്നു.

എസ്.ശിവശങ്കരൻനായർ നിയമിക്കപ്പെട്ടു. പ്രഥമ വിദ്യാർത്ഥിനി എന്ന ബഹുമതി കുമാരി ചന്ദ്രമതി പി.ആർ പുത്തൻപുരയ്ക്കലിന് ലഭിച്ചു. ഉടുമ്പൻചോല ഉപജില്ല വിദ്യാഭ്യാസ ആഫീസർ ശ്രീ. ആർ.വി. വർഗ്ഗീസ് അവർകളുടെ അധികാരപരിധിയിലായിരുന്നു

1964 - ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. വി.റ്റി. അയ്യപ്പൻ നായർ അവർകൾ കൊന്നത്തടി പഞ്ചായത്തിനായി ഒരു സ്കൂൾ അനുവദിച്ചു. അറക്കുളം ഇലപ്പള്ളി സ്വദേശി പരേതനായ കൊന്നയ്ക്കൽ ശ്രീ.കെ.സി.ചാക്കോ ദാനം ചെയ്ത സ്ഥലത്ത് വെട്ടിക്കൂട്ട് കെട്ടിടത്തിൽ 1964 ജൂൺ മാസം 1-ാം തീയതി 97 വിദ്യാർത്ഥി വിദ്യാർത്ഥിനികളോടും 4 അധ്യാപകരോടും കൂടി ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു. പ്രഥമാധ്യാപകനായി വാഴൂർക്കാരൻ ശ്രീ.എസ്.ശിവശങ്കരൻനായർ നിയമിക്കപ്പെട്ടു. പ്രഥമ വിദ്യാർത്ഥിനി എന്ന ബഹുമതി കുമാരി ചന്ദ്രമതി പി. ആർ പുത്തൻപുരയ്ക്കലിന് ലഭിച്ചു. ഉടുമ്പൻചോല ഉപജില്ല വിദ്യാഭ്യാസ ആഫീസർ ശ്രീ. ആർ.വി. വർഗ്ഗീസ് അവർകളുടെ അധികാര പരിധിയിലായിരുന്നു സ്കൂൾ. പ്രഥമമാനേജർ അന്നത്തെ എക്സിക്യൂട്ടീവ് ആഫീസർ ശ്രീ.പരമേശ്വരൻ നായർ അവർകൾ ആയിരുന്നു. 1966 ജൂലൈ മാസം 14-ാം തീയതി ബഹു:കേരള വിദ്യാഭ്യാസ ഡയറക്ടറുടെ എ.ഉ.165883/66134 നമ്പർ പ്രകാരം സ്കൂളിന് സ്ഥിരം അംഗീകാരം ലഭിച്ചു. 2010 ജനുവരി മാസം ഈ സ്കൂൾ ഗവൺമെന്റ് സ്കൂളായി പ്രഖ്യാപിച്ചു.

ഭൗതിക സാഹചര്യം - ആരംഭകാലത്ത് 100 അടി നീളം, 20 അടി വീതം അളവിലുള്ള പുല്ല്മേഞ്ഞ, പരമ്പു മറച്ച താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചത്.

**വളർച്ചാഘട്ടങ്ങൾ** :- ധാരാളം കുട്ടികൾ പഠനത്തിനായി എത്തിത്തുടങ്ങിയ കാലഘട്ടത്തിൽ പഞ്ചായത്ത് അധികാരികൾ സ്കൂൾ സമീപ പ്രദേശത്തുള്ള സി.എസ്.ഐ ചർച്ചിന് കൈമാറുകയുംഅവർ ഇതിന്റെ ചുമതല ഏറ്റെടുത്ത് 80' : 20' അടി അളവിൽ മറ്റൊരു താൽകാലിക കെട്ടിടം കൂടി നിർമ്മിക്കുകയും ചെയ്തു. സ്കൂൾ കൈമാറ്റത്തിന് ചില നിയമതടസങ്ങൾ ഉണ്ടായതിനാൽ സ്കൂൾതിരികെ പഞ്ചായത്ത് തന്നെ ഏറ്റെടുത്തത് ഒരു ചരിത്ര സംഭവമായി. 1971 - ൽ സ്കൂളിന് 120' : 20'അളവിൽ ഒരു സ്ഥിരം കെട്ടിടം ലഭിച്ചു. 1982 ൽ 80' : 20' അളവിൽ മറ്റൊരു സ്ഥിരം കെട്ടിടം കൂടി പഞ്ചായത്തു കമ്മിറ്റി പണിതു തന്നത് സ്കൂളിന്റെ വളർച്ചാഘട്ടങ്ങളിൽ നിർണ്ണായക പങ്കു വഹിച്ചു.

Scanned with OKEN Scanner

6) സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.
7) വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഹാജർ സൂക്ഷിക്കുക
8) സ്കൂളിന്റെ വികസനത്തിനായി ഉചിത മേൽനോട്ടങ്ങൾക്ക് സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
(ഉദ്യോഗസ്ഥന്മാർ, മാനേജർ, PTA)
9) ഭാവിയിൽ വിജയത്തിനായി ആവശ്യമായ സാങ്കേതിക വിദ്യകളെ സജ്ജമായി പ്രയോജനപ്പെടുത്തുക.

## വിദ്യാ ഉപദേശീകരണം

### ലക്ഷ്യം

1) എല്ലാ കുട്ടികളെയും സ്വന്തം വിദ്യാർത്ഥികളായി കാണുക
2. പ്രത്യേക സാമൂഹികവിഭാഗത്തെ ഉൾപ്പെടുത്തുക
3. രചനാപരമായ കഴിവ് വളർത്തുക.

### പ്രവർത്തനങ്ങൾ

1. ക്ലാസ് നിലവാരം, പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകം ചിട്ടയാക്കാം.
2. പഠന വിദ്യ.
3. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കൽ
4. ദിനാചരണ പുസ്തകവായന
5. വിദ്യാ ദാനം
6. അധ്യാപകരെ പരിചയപ്പെടൽ

2025 - 26 വർഷം ഞങ്ങളുടെ പഞ്ചായത്ത് സ്കൂളിലെ സമിതി സമിതിയംഗങ്ങളും ഞാൻ അടങ്ങിയിരിക്കുന്ന വർഷമാണ് 5,6,7 ക്ലാസ്സുകളിൽ 39 വിദ്യാർത്ഥികളും 4 അധ്യാപകരും 1 അനധ്യാപകനും ജോലി ചെയ്യുന്നു. ഗ്രാമീണ സാഹചര്യ വിദ്യാഭ്യാസത്തിന് മികച്ച സൗകര്യങ്ങൾ വകുപ്പ്, എം.എൽ.എ. ഉൾപ്പെടെ ജനപ്രതിനിധികൾ സഹായിക്കാൻ സഹായി ച്ചത് വിദ്യാലയത്തിന് മുതൽക്കൂട്ടായി. കഴിഞ്ഞ 2 വർഷങ്ങളിലായി ഏകദേശം 20 ലക്ഷത്തോളം രൂപ സ്കൂൾ വികസനത്തിന് ലഭ്യമാക്കാൻ സാധിച്ചു. 2024-2025 വർഷം പാഠ്യേതര വിഷയങ്ങളിൽ മികച്ച വിജയം നേടാൻ സാധിച്ചു. സബ്ജില്ലാ, ജില്ലാതല കലോത്സവങ്ങളിൽ മികച്ച വിജയം നേടി. കായികമേള, ശാസ്ത്രമേള - അറബിക്കലോത്സവം ഉപജില്ലയിൽ ഒന്നാം സ്ഥാനം നേടിയതോടെ അഞ്ചാം ദിവസം വിജയികൾക്ക് അനുമോദിക്കപ്പെട്ടു.

പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തുന്നെങ്കിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്കൂളിലേക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല. സ്കൂളിന് വാഹന സൗകര്യമില്ലാത്തത് ഒരു വെല്ലുവിളിയാണ്. 2024-25-ൽ നാലു ക്ലാസ്സുകൾ ടൈൽ ഇടാൻ സാധിച്ചു.

## പൊതു ലക്ഷ്യങ്ങൾ

1) അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ഉറപ്പിക്കുന്നു.
2) സദാചാരവും ആത്മാഭിമാനവും കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു.
3) മൂന്നു ഭാഷകളിലും മികച്ച ആശയവിനിമയ ശേഷി നേടുക.
4) ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക പരിശീലനം നൽകുക
5) ദിനാചരണങ്ങളിലും മറ്റും ജനപ്രതിനിധികളെയും ജനങ്ങളെയും പങ്കെടുപ്പിക്കുക.

## അടുത്ത ഒരു വർഷം കൊണ്ട് നമ്മുടെ സ്കൂളിൽ നടപ്പിലാക്കേണ്ടുന്ന പ്രവർത്തനങ്ങൾ

- ഫിറ്റ്. വൺ. വൺ പരിശീലനം
- കൗൺസിലിംഗ്, ഗൈഡൻസ് (കുട്ടികൾ വിട്ടു പോകുന്ന കാരണങ്ങൾ)
- ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. സാക്ഷരം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ, ഉദ്യാനം
- ദേശീയബോധം വളർത്തുന്ന പ്രവർത്തനങ്ങൾ
- ഐ. ടി. അധിഷ്ഠിത പഠനം
- പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ വേണ്ട ശ്രമം
- സുരലി ഹിന്ദി
- പിക്ചർ ഗാലറി
- ഹൈടെക് ക്ലാസ്മുറികൾ (3 ക്ലാസ് മുറികൾ)
- പത്രവായന പ്രോത്സാഹനം
  1. ക്ലാസ് തല പത്രങ്ങൾ
  2. വാർത്തകൾക്ക് തലക്കെട്ട് കണ്ടെത്തൽ
  3. പത്രവാർത്ത ആൽബങ്ങളും ശേഖരങ്ങളും
  4. വാർത്തകൾ ചർച്ച ചെയ്യൽ
  5. പ്രാദേശിക അറിവുകൾ വാർത്തകളാക്കി മാറ്റൽ
  6. നാട്ടിൽ നിന്നും വാർത്തകൾ തയ്യാറാക്കൽ
  7. വാർത്തകൾ ചിത്രങ്ങളിലൂടെ
  8. വാർത്തകൾ വായന
  9. ഒരു പത്രം തയ്യാറാക്കൽ
  10. പ്രാദേശിക പതിപ്പുകൾ

## ശുചിത്വ വിദ്യാലയ പ്രവർത്തനങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| | ശുചിത്വ ക്ലബ്ബ് രൂപീകരണം (ക്ലാസ് തലം) | ക്ലാസ് മുറികൾ, സ്കൂൾ പരിസരം വൃത്തിയും ശുചിത്വവും വിലയിരുത്തുക. | ശുചിത്വ ക്ലബ്ബ്. |
| | | പ്ലാസ്റ്റിക് മാലിന്യങ്ങൾ പരമാവധി കുറയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | പി.ടി.എ എക്സിക്യൂട്ടീവ്. |
| | പാചകപ്പുര, ഭക്ഷണവിതരണ സ്ഥലം, സ്റ്റോർറൂം, നിത്യവും പരിശോധിച്ച് വൃത്തിയും വെടിപ്പും ഉറപ്പാക്കൽ. | പാചകം, വിതരണം തുടങ്ങിയ കാര്യങ്ങൾ ചിട്ടയായി നടത്താൻ നേതൃത്വം നൽകൽ. | എൻ.എം.പി കമ്മറ്റി. |
| | ഉച്ചഭക്ഷണം വൈവിധ്യപൂർണ്ണവും പോഷകസമ്പുഷ്ടമാക്കൽ. | പി.ടി.എ ജനറൽ ബോഡി യോഗം വിളിച്ച് സഹകരണം നേടുക. രക്ഷിതാക്കളുടെ സ്പോൺസർമാർ രൂപീകരിക്കുക. വിലനിലവാരം വിലയിരുത്തുക. | |
| | സ്കൂൾതല പച്ചക്കറിത്തോട്ടം നിർമ്മിക്കുക. | പി.ടി.എ സഹായത്തോടെ പച്ചക്കറിത്തോട്ട നിർമ്മാണം. | |

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സഹായിക്കൽ.

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|---|
| 1. | പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് പൊതു ധാരയിലെത്തിക്കുക. | പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളെ കണ്ടെത്തൽ.<br>കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളുടെ സ്വഭാവം, തീവ്രത, എന്നിവയെക്കുറിച്ച് ശരിയായ ധാരണ നേടുക.<br>കുട്ടികൾക്ക് അനുയോജ്യമായ ഇരിപ്പിടം ക്രമീകരിക്കുക.<br>പഠന പ്രവർത്തനത്തിൽ പങ്കാളിത്തം ഉറപ്പാക്കൽ, കുട്ടികളിൽ ഉത്സാഹം ചിന്തയും വളർത്തുന്ന രീതിയിൽ അധ്യാപകർ പെരുമാറുക. | SRG, റിസോഴ്സ് അധ്യാപകർ. |
| | | പാഠ്യ പദ്ധതി, പഠന പ്രവർത്തനങ്ങൾ പഠനോപകരണങ്ങൾ എന്നിവയിലെല്ലാം കുട്ടികൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നിർദ്ദേശം നൽകുക. | ക്ലാസ് അധ്യാപകർ. |

| നമ്പർ | ക്ലാസ് | പ്രവർത്തനം | ലക്ഷ്യം | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|---|
| 1 | 5,6,7 | ശാസ്ത്ര ലാബ്<br>ലാബ് സജ്ജീകരണം, സാമഗ്രികളുടെ പട്ടിക തയ്യാറാക്കൽ, പരിചയപ്പെടൽ, ആഴ്ചയിൽ ഒരു ദിവസം ശാസ്ത്രാഭിമുഖ്യമുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ ലാബിൽ ചെയ്യുന്നു. (പഠന പ്രവർത്തനത്തിൽ ഉൾപ്പെട്ടവയും അല്ലാത്തവയും) | കുട്ടികളിൽ ശാസ്ത്രബോധം, നിരീക്ഷണ പാടവം, യുക്തിചിന്ത എന്നിവ വളർത്തുന്നു. | ജൂൺ - ജൂലൈ.<br>ജൂലൈ - മാർച്ച് | ശാസ്ത്ര ക്ലബ് / ശാസ്ത്രാധ്യാപകർ. |
| 2 | | വൃക്ഷത്തൈ നടൽ<br>പ്രാദേശികമായി ലഭിക്കുന്ന വൃക്ഷത്തൈകൾ സ്കൂൾ പരിസരത്തും സമീപത്തുള്ള റോഡരികിലും നട്ട് സംരക്ഷിക്കുന്നു. | കുട്ടികൾ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കുന്നു. | ജൂലൈ - ഒക്ടോബർ | |
| 3. | | പ്ലാസ്റ്റിക് ഉണ്ടാക്കുന്ന മലിനീകരണത്തെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. | പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണത്തെക്കുറിച്ച് കുട്ടികൾ ബോധവാന്മാരാകുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ. | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4. | | ഔഷധ സസ്യങ്ങൾ, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ജൈവ വൈവിധ്യ പാർക്കിന്റെ ഭാഗമായിട്ട് നട്ട് സംരക്ഷിക്കുന്നു. | കുട്ടികൾ വിവിധ സസ്യങ്ങളുടെ നടീൽ രീതികളെക്കുറിച്ചും അവയുടെ ഗുണങ്ങളെക്കുറിച്ചും മനസിലാക്കുന്നു. | ഓഗസ്റ്റ്– സെപ്തംബർ ജൂൺ – മാർച്ച് | ശാസ്ത്ര ക്ലബ് / ശാസ്ത്രാധ്യാപകർ. |
| 5. | | സയൻസ് ഡേ ആചരണം വർഷാവസാനം പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾ, ശാസ്ത്രബോധം വളർത്തുന്ന പരീക്ഷണങ്ങൾ, ശേഖരണങ്ങൾ, വർക്കിംഗ് മോഡൽസ്, സ്റ്റിൽ മോഡൽസ് പ്രോജക്ടുകൾ എന്നിവയുടെ പ്രദർശനം നടത്തുന്നു. | കുട്ടികളുടെ മികവുകൾ ബോധ്യപ്പെടുത്തുന്നു. | മാർച്ച്. | |

| | | | | |
|---|---|---|---|---|
| 6 | | ശാസ്ത്ര ക്വിസ് സ്കൂളിൽ അദ്ധ്യാവസാനം സംഘടിപ്പിക്കുന്നു. | ശാസ്ത്ര ബോധം വളരുന്നു. | ജൂലൈ - മാർച്ച്. |
| 7. | | ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി ശാസ്ത്രവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം നടത്തുന്നു | ശാസ്ത്രാഭിമുഖ്യം വളർത്തുന്നു. | ജൂലൈ - മാർച്ച്. |
| | | പത്രമാധ്യമങ്ങളിൽ വരുന്ന വിവിധ സയൻസ് വാർത്തകൾ ശേഖരിച്ച് പതിപ്പുണ്ടാക്കി ക്ലാസ് മുറികളിൽ വായിക്കാനുള്ള അവസരം നൽകുന്നു. | ശാസ്ത്രാഭിരുചിയും വളർത്തുന്നു. | ജൂലൈ - മാർച്ച്. |

| लक्ष्य | गतिविधियाँ | समय | नेतृत्व | विश्लेषण |
|---|---|---|---|---|
| 1. कक्षा में 5,6,7 के अक्षर चेतना को मजबूत करना। हिंदी 5 वीं कक्षा से शुरू होने के कारण हिंदी पसंद करने केलिए और अक्षरों को जानने केलिए अवसर देना चाहिए | • इसमें आनेवाले हिंदी अक्षरें को समझकर नाम - शब्द और कविताएं सिखाई जाएगी। वर्णमाला चार्ट दीवार पर लिए और अक्षर लिखते हुए। | जून से करवरी | हिंदी शिक्षक | |
| 2. हिंदी वाचन गलत से बिना हिंदी वाचन करने का प्रयास करना। | • लगातार किताब वाचन कर छात्रों को आकर्षित करना और अन्य हिंदी काँमिक्स दिखाना। | जून से करवरी | हिंदी शिक्षक | |
| 3. हिंदी भाषण दैनिक जीवन में हिंदी बोलने की क्षमता | • कक्षा में ज्यादर समय हिंदी का उपयोग करना। उनकी छोटे - छोटे | जून से करवरी | हिंदी शिक्षक | |

Scanned with OKEN Scanner

| लक्ष्य | गतिविधियाँ | समय | नोट्स | विश्लेषण |
|---|---|---|---|---|
| बढ़ाने के लिए हिंदी में बातें अवसर देना। | जरूरतों को हिंदी में पूछना। केवल हिंदी बोलनेवाले होगी कक्षा में ले जाना। अध्यापिका ने गलत रूप से हिंदी का वाचन करें। छात्र ध्यान से देखकर सही ढंग से वाचन करना। | | | |

അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | അക്ഷരങ്ങളിൽ നിന്ന് വാക്കുകളിലേക്ക് വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപിക | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപിക | |
| | എന്റെ അവധിക്കാലം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപിക. | |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക് – പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>- പത്രക്വിസ്, പത്രവാർത്താ ഡയറി – പത്രവാർത്തകൾ ദിവസവും എഴുതി സൂക്ഷിക്കുകയും പത്രക്വിസ് തയ്യാറാക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 1. | സംഖ്യാ കാർഡുകൾ | സംഖ്യാ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം, അവ തമ്മിൽ കുറച്ചു, ഗുണിച്ചു, ഹരിച്ചും കണ്ടെത്തി പട്ടികപ്പെടുത്തുക. | 3 മാസം | | BRC |
| 2. | ഇതള രസം | ചാത്തിന്റെ കൂട്ടങ്ങളാക്കൽ (കല്ല്, ഈർക്കിൽ, വളപ്പൊട്ടുകൾ, മഞ്ചാടി) | 2 മാസം | | |
| 3 | ഗണിത കളികൾ. | Treasure hunt : മാത്സ് കോർണറിൽ ഗണിത പ്രശ്നങ്ങളുടെ രൂപത്തിൽ treasure hunt-നുള്ള സൂചനകൾ നൽകുന്നു. ഉത്തരങ്ങളുപയോഗിച്ച് സമ്മാനങ്ങൾ ശേഖരിക്കുന്നു. | 4 മാസം | | |
| 4. | വരച്ച് ബന്ധപ്പെടുത്താം. | സംഖ്യാ കാർഡുകൾ വിതരണം ചെയ്ത് ഒരു കാർഡിലെ സംഖ്യകളുമായി ബന്ധപ്പെട്ടിരിക്കുന്ന അടുത്ത സംഖ്യാ കാർഡ് കണ്ടെത്തി വരച്ച് ബന്ധപ്പെടുത്തുന്നു. | 1 മാസം | കാർഡ് ബോർഡ്. | BRC |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| (ICT പഠനം) | വുമായി ബന്ധപ്പെട്ട ICT സാധ്യതകൾ പഠിക്കുവാനും ഉപയോഗിക്കുവാനും ഒരു ഗ്രൂപ്പ് രൂപീകരിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ മറ്റ് കുട്ടികളേയും പരിശീലിപ്പിക്കുന്നു. | 6 മാസം | കമ്പ്യൂട്ടർ | DIET |

Scanned with OKEN Scanner

# Academic Master Plan - English.

| Aim | Activity | Time Period | Responsibility | Economic Source. |
|---|---|---|---|---|
| 1) Giving chance to hear and respond proper English. | 1) Giving chance to hear simple and interesting stories using videos and asking the students to give answers to the given questions. | June - July. | English Teacher. | English club. |
| | 2) Teacher gives instructions in English and helping the students to follow it. | once in a month | English Teacher | English club. |
| | 3) Treasure hunt. Teacher keeps some objects in a box, pick one and narrating about it. students recognise the object. | once in a month | English Teacher | English club. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 2) Giving Practice to reading properly. | Giving reading cards to Ss and giving chance to read them. | October - November | English Teacher | English Club. |
| 3) Preparing the students to write English without mistakes. | Alert zone :- Display posters, signboards and notices in the classroom. | During celebrating the days. | " | " |
| | Preparing mini - Dictionary and Class magazines. | At the end of the year. | " | " |

Scanned with OKEN Scanner

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | - | - |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

# തനതു പ്രവർത്തനം

Scanned with OKEN Scanner

# ഫലോപഹാരം

അറിവിലേക്കുള്ള യാത്ര എന്നതാണ്.
വായനയുടെ ലോകം തുറന്നുതരുന്ന വിശാലമായ
സാധ്യതകൾ തിരിച്ചറിഞ്ഞ് ജീവിതവിജയം കൈവരി
ക്കാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്ന
ഒരു ഉദ്യമമാണിത്. വൈവിധ്യവും നിറഞ്ഞതുമായ
ചിത്രങ്ങളാലാണ് കുട്ടികൾ പഠനവിഷയങ്ങ-
ളിലും പാഠ്യേതരവിഷയങ്ങളിലും സാഹിത്യവും രചനകളാണ്.
വായനയോട് ഇഷ്ടം കൂടാൻ വൈവിധ്യമാർന്ന-
പ്രവർത്തനങ്ങളുടെ ഭാഗം ഭംഗി ആസ്വദിക്കാൻ
ഉതകി വിജ്ഞാനദായകമാണ് ചിത്രങ്ങൾ തന്നെ
ഭംഗിയും.

# ഏടോത്തരം വാർത്തകൾ

ഏതെല്ലാം തരത്തിലുള്ള വാർത്തകൾ ആണ് ഓരോ ദിവസവും പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നത്? പ്രാദേശിക / ജില്ല / സംസ്ഥാന പേജുകൾ എന്തിനാണ് വേർതിരിവുകളോ? പ്രത്യേക ദിനങ്ങളിലെ പത്രങ്ങൾക്ക് സവിശേഷതകൾ ഉണ്ടോ? എന്നിവയൊക്കെ കണ്ടെത്തുന്ന പ്രവർത്തനമാണിത്. V, VI, VII ക്ലാസ്സുകളിലും പ്രയോജനപ്പെടുന്ന പ്രവർത്തനമാണിത്. ഓരോ ക്ലാസിലെയും ഇൻ ടീച്ചേഴ്സിനെ രാവിലെ 9.30 to 9.40 ഈ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കാൻ നിയോഗിക്കുന്നു.

കുട്ടികളെ പത്രങ്ങളോട് അടുപ്പിക്കുന്നു.
പത്ര വായനയിൽ താൽപര്യം വളർത്തുന്നു.

2025- ജൂൺ.

# വാർത്തകൾ നൽകിക്കൊണ്ട് കണ്ടെത്തൽ

വിവിധ തരത്തിലുള്ള വാർത്തകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. അനുയോജ്യമായ തലക്കെട്ട് നിർദ്ദേശിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. തലക്കെട്ടുകളുടെ അവലോകനവും ചർച്ചയും സംഘടിപ്പിക്കുന്നു.

കുട്ടികളെ പത്രങ്ങളോട് അടുപ്പിക്കുന്നു. വായന ശീലിപ്പിക്കുന്നു.

# പ്രവർത്തന ഉപകരണങ്ങളും ശേഖരങ്ങളും

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും ശേഖരങ്ങളും നിർമ്മിക്കാൻ അവസരം ലഭിച്ചു. അവയിൽനിന്നെല്ലാം ധാരാളം ചിത്രങ്ങൾ ലഭിക്കാനും അറിവ് നിർമ്മാണത്തിനും നല്ല പ്രവർത്തനത്തിന് പ്രോത്സാഹനം ലഭിക്കാനും അവസരം ലഭിച്ചു.

പ്രവർത്തനങ്ങളിലൂടെ ഞാൻ ചിത്രം വരക്കുന്നു

# വാർത്തകൾ ചിത്രങ്ങളിലൂടെ.

പത്രങ്ങളിലെ ചിത്രങ്ങൾ മാത്രം ഉപയോഗിച്ചു കൊണ്ട് പതിപ്പുകൾ സൃഷ്ടിക്കാൻ അവസരം നൽകുന്നു. ചിത്രങ്ങൾക്ക് ഒപ്പം അടിക്കുറിപ്പു ഉണ്ടാവും. അവയ്ക്ക് അനുബന്ധമായി പ്രത്യേക തലക്കെട്ടുകൾ, വിശേഷിക്കുന്ന കുറിപ്പുകൾ എന്നിവ കൂടി നൽകി ചേർക്കാൻ നിർദ്ദേശിക്കുന്നു ഉണ്ട്.... അടുത്ത കാലത്ത് വൈറലായ ചെറിയകാര്യ ദൃശ്യപരമായി ബന്ധപ്പെട്ട വാർത്തകളുടെ ചിത്രങ്ങൾ ചുവർ പത്രമായി മാറുന്ന പ്രവർത്തനം. ഇങ്ങനെ തയ്യാറാക്കുന്നതിന് ലേഔട്ട് അടക്കമുള്ള കാര്യങ്ങളെ കുറിച്ച് ഒട്ടിക്കേണ്ടത് വിശദീകരിച്ചു നൽകുന്നു.

ചിത്രവായനക്ക് പ്രാധാന്യം വർദ്ധിക്കുന്നു.

2025 - ജൂലൈ 1

# വാർത്തകൾ മാറ്റിയെഴുതൽ

പത്രങ്ങളിലെ വാർത്തകൾ, വാർത്താപ്രക്ഷേപണങ്ങളിലെ (റേഡിയോ / TV വാർത്ത) മറ്റും കേട്ടിരുന്ന തരത്തിൽ മാറ്റിയെഴുതാൻ അവസരം നൽകാം. അതുപോലെ വാർത്തകളിലൂടെ പങ്കുവയ്ക്കുന്ന വിശേഷങ്ങൾ മറ്റ് ഭാഷാ രൂപങ്ങളിലേക്ക് മാറ്റുന്നതിനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ
ചിത്രങ്ങൾ കാണാൻ ഇവിടെ
ക്ലിക്ക് ചെയ്യുക...

# പാഠപുസ്തക അറിവുകൾ വാർത്തകളാക്കി മാറ്റൽ

പാഠപുസ്തക അറിവുകൾ വാർത്തകളാക്കി മാറ്റൽ വാർത്തയുടെ സവിശേഷതകളെക്കുറിച്ചുള്ള ധാരണ കുട്ടികൾക്ക് നൽകുന്നു. ആദ്യഘട്ടത്തിൽ അദ്ധ്യാപികയും കുട്ടികളും ചേർന്ന് വാർത്തകൾ തയ്യാറാക്കുന്നു. ഇങ്ങനെ തയ്യാറാക്കുന്ന വാർത്തകൾ ചർച്ച ചെയ്യുന്നു. ചിത്രംവരയ്ക്കാനും അവസരം നൽകുന്നു.

# ഒരേ വാർത്തകളിലെ വ്യത്യസ്തത

ഒരേ വാർത്ത വ്യത്യസ്ത പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് വ്യത്യസ്ത രീതിയിൽ ആയിരിക്കും. തലക്കെട്ടും റിപ്പോർട്ടുമൊക്കെ വ്യത്യസ്തമായിരിക്കും. ഇവ വായിച്ച് ചർച്ച ചെയ്ത് അവതരിപ്പിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു.

വൈവിധ്യമാർന്ന പത്രക്കട്ടിങ്ങുകളുടെ ശേഖരങ്ങൾ ചേർത്തിരിക്കുന്നു

# തലക്കെട്ടിൽ നിന്നും
# വാർത്തകൾ ന്യൂസാക്കാൻ

വിവിധ തരത്തിലുള്ള വാർത്തകളുടെ തലക്കെട്ടുകൾ നൽകി അനുയോജ്യമായ ആശയം ഉണ്ടാക്കുന്നതിനുള്ള ചർച്ചകൾക്ക് ശേഷം വാർത്തകൾ ന്യൂസാക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

വൈവിധ്യമാർന്ന ഉൾക്കാഴ്ച
നേടാനും കുട്ടികൾക്ക് കഴിഞ്ഞു
ഉണ്ടാകുന്നതിനും ഭാഷാശേഷി
വികസിപ്പിക്കുന്നതിനും...

# വാർത്തകൾ വായന

പത്രങ്ങളിലെ വാർത്തകൾ വായന പ്രവർത്തനങ്ങൾക്കായി ക്ലാസ് മുറിയിൽ പ്രയോജനപ്പെടുത്താം. പൂരിപ്പിച്ചു വായന, ഒഴിവാക്കി വായന, പിന്തുടർന്ന് വായന, സമഗ്ര വായന, അതിവേഗ വായന ...... എന്നിങ്ങനെയുള്ള സാധ്യതകൾ ആണ് പരിഗണിക്കേണ്ടത്. ഒരേ പത്രത്തിന്റെ നിരവധി കോപ്പികൾ ലഭ്യമാക്കിയോ, ഈ വായനയുടെ സാധ്യത പരിഗണിച്ച് ഫോട്ടോ കോപ്പിയെടുത്തോ ഈ പ്രവർത്തനം നടപ്പിലാക്കുന്നു.

പത്രവായനയിൽ താല്പര്യം വളർത്തുക
വായന മെച്ചപ്പെടുത്തുക.

2025 - ജൂലൈ

# ടൈം ലൈൻ തയ്യാറാക്കൽ.

ഒരേ വിഷയവുമായി ബന്ധപ്പെട്ട വാർത്തകളും വിശേഷങ്ങളും നിരവധി ദിവസങ്ങളിൽ പത്രങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന രീതിയുണ്ട്. അത്തരം വാർത്തകളുടെ തലക്കെട്ടും ചുരുക്കവും തീയതിയും ചേർത്ത് ടൈം ലൈൻ തയ്യാറാക്കുന്നു.

വാർത്തകൾ തയ്യാറാക്കുന്നത് ഒരു സർഗാത്മക പ്രവർത്തനമാണ്. ഉയർന്ന ഭാഷാശേഷി ഇതിന് ആവശ്യമാണ്. പത്രവായനയോട് താല്പര്യമുണ്ടാക്കുന്നതിന് പത്രവാർത്തകൾ തയ്യാറാക്കുന്നതോടൊപ്പം ചില സ്വതന്ത്ര ലേഖന പ്രവർത്തനങ്ങളും കുട്ടിക്കായി നൽകുന്നു.

വൈവിധ്യമാർന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ വായനാശീലം താല്പര്യം ഉണ്ടാക്കുന്നു.

# പത്രവാർത്ത - ഡയറി

പല തരത്തിൽ ഈ പരിപാടി സംഘടിപ്പിക്കാം. പത്രങ്ങൾ വായിച്ച് കുട്ടികൾ കണ്ടെത്തുന്ന വാർത്തകൾ കാട്ടിങ്ങൾ പ്രത്യേക ബോർഡിൽ രേഖപ്പെടുത്താം. മറ്റുള്ള പത്രങ്ങളുടെ പ്രത്യേക പതിപ്പുകൾ അതിനായി ശേഖരിച്ച് ബോർഡിൽ പ്രദർശിപ്പിക്കാം. അസംബ്ലിയിൽ സ്ഥിരമായി പത്രവാർത്തകൾ വൈവിധ്യമാർന്ന രീതിയിൽ അവതരിപ്പിക്കാം. പത്രവാർത്തകൾ ദിനവും എഴുതി സൂക്ഷിക്കുന്നതിന് ഓരോ കുട്ടിയും പത്രവാർത്ത ഡയറി സൂക്ഷിക്കണം. ഇവയിൽ നിന്നാവണം

# പ്രാദേശികവാർത്ത ശേഖരം

കുട്ടികൾ പ്രാദേശികമായി വാർത്തകൾ ശേഖരിക്കാൻ അവസരം നൽകുന്നു. സ്കൂൾ വിശേഷങ്ങളും ചടങ്ങുകളും പ്രാദേശിക സംഭവങ്ങളും ആഘോഷങ്ങളും കുട്ടികൾക്ക് വാർത്തയാക്കാം.

# സംഗ്രഹം

ശക്തമായ സാംസ്കാരിക പ്രതീകങ്ങളാണ് വർണ്ണം. വികാരങ്ങളെ ഉണർത്തുകയും വ്യത്യസ്ത നിമിഷങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്ന വഴി ലോകത്തിന്റെ ആഴം വർധിപ്പിക്കുന്ന പ്രതീകമായി വർണ്ണം മാറും. അലങ്കാരശൈലിയും ഭാവനാശൈലിയും വർണ്ണ വൈവിധ്യങ്ങളാണ് വർണ്ണം.

ഒരു വ്യക്തിയുടെ ഭാവുകത്വം, ചിന്താശേഷി അനുഭവസമ്പത്ത് തുടങ്ങിയവയെ വർണ്ണങ്ങൾ വർണ്ണ സ്വാധീനിക്കുന്നു. വർണ്ണം ഒരു ലോകം മാത്രമല്ല, ജീവിതത്തെ ആവിഷ്കരിക്കുന്ന ശക്തമായ ഒരു ശാസ്ത്രമാണ്. ഈ പഠനം പ്രതീകാത്മക ലോകം ചിത്രീകരിക്കുന്ന ഭാവശൈലി വിശകലനം ചെയ്യുന്ന നിരൂപണമാണ്.

നന്ദി